LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. യാത്രക്കാരുടെ സുരക്ഷയും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി സംവിധാനങ്ങൾ

166 (1894) ശ്രീ. കെ. അച്ചുതൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളിൽ യാത്ര ചെയ്യുന്നവരിൽ എന്ത് വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് ;

(ബി) ഈ കാലയളവിൽ ഓരോ വർഷവും ഉണ്ടായിട്ടുള്ള വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) യാത്രക്കാരുടെ സുരക്ഷയും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് സർക്കാർ നടപടി സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ ;

(ഡി) പഴയ ബസ്സുകൾക്കുപകരം ആധുനികസൗകര്യങ്ങളുള്ള പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2005-06 കാലഘട്ടത്തെ അപേക്ഷിച്ച് 2009-10 കാലയളവിൽ കെ.എസ്.ആർ.ടി.സി. ബസിൽ യാത്രചെയ്യുന്നവരുടെ എണ്ണത്തിൽ 2.79 കോടിയുടെ വർദ്ധനവ് ഉള്ളതായി കാണുന്നു.

(ബി) 2005-06 മുതൽ 2009-10 വരെ കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്ര ചെയ്ത യാത്രക്കാരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവിന്റെ കണക്ക് ചുവടെ ചേർക്കുന്നു :

	വർദ്ധനവ്
2005-06-118.00 കോടി	.....
2006-07-119.00 കോടി	1.00 കോടി
2007-08-120.69 കോടി	1.69 കോടി
2008-09-120.74 കോടി	0.05 കോടി
2009-10-120.79 കോടി	0.05 കോടി
ആകെ	2.79 കോടി

(സി) സുഖകരവും സുരക്ഷിതവുമായ യാത്രക്കായി കെ.എസ്.ആർ.ടി.സി. ഒട്ടേറെ നടപടികൾ കഴിഞ്ഞ 5 വർഷക്കാലയളവിൽ കൈക്കൊണ്ടിട്ടുണ്ട്. ആദ്യത്തെ 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കിയപ്പോൾതന്നെ 3 വോൾവോ ബസ്സുകളും, 20 എ.സി. ബസ്സുകളും, 30 സൂപ്പർ ഡീലക്സ് ബസ്സുകളും അതിൽ ഉൾപ്പെടുത്തിയിരുന്നു. ദീർഘദൂര സർവ്വീസുകൾക്കും അന്തർ സംസ്ഥാന സർവ്വീസുകൾക്കുമായാണ് ഈ ബസ്സുകൾ പ്രധാനമായും ഓടിക്കുന്നത്. യാത്രക്കാരുടെ സുഖകരമായ യാത്രയ്ക്ക് പുഷ്ബാക്ക് സംവിധാനമുള്ള ഇരിപ്പിടങ്ങൾ ഒട്ടേറെ ദീർഘദൂര സർവ്വീസുകൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ദീർഘദൂര യാത്രയ്ക്ക് ഉപയോഗിച്ചിരുന്ന പഴയബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. ദീർഘദൂര യാത്രയ്ക്ക് ഉപയോഗിച്ചുകൊണ്ടിരുന്ന സൂപ്പർഫാസ്റ്റ് ബസ്സുകൾ അപ്ഗ്രേഡ് ചെയ്ത് എക്സ്പ്രസ്സ് സർവ്വീസുകളായി മാറ്റിവരികയാണ്. ചെയിൻ സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന വേണാട്, അനന്തപുരി, മലബാർ, തിരുകൊച്ചി ബസ്സുകൾ യാത്രക്കാരെ കാര്യമായി ആകർഷിക്കുന്നുണ്ട്. സ്ഥിരം യാത്രക്കാർക്ക് കുറഞ്ഞ നിരക്കിൽ യാത്ര എന്നത് ലക്ഷ്യം വച്ച് സീസൺ ടിക്കറ്റ് സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ നടപ്പിലാക്കിക്കഴിഞ്ഞു. അടുത്ത ഘട്ടം എന്ന നിലയിൽ പല റൂട്ടുകളിലും ഇത് നടപ്പിലാക്കുന്നകാര്യം പരിശോധിച്ചു വരികയാണ്. സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 5 മേഖലാ ഓഫീസുകൾ ആരംഭിച്ചു. തിരുവനന്തപുരത്ത് സിറ്റി ബസ്സുകൾക്ക് റൂട്ട് നമ്പർ നൽകി. ദീർഘദൂര സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ ആരംഭിച്ചു. മലബാർ മേഖലയിൽ ചെയിൻസർവ്വീസുകളും 351 മലബാർ സർവ്വീസുകളും ആരംഭിച്ചു. പൊതുജനങ്ങളുടേയും പൊതുപ്രവർത്തകരുടേയും ആവശ്യാർത്ഥം പുതിയ ഫെയർ സ്റ്റേജുകളും ഐഡന്റിക്കൽ ഫെയർ സ്റ്റേജുകളും അനുവദിക്കുകയും നിലവിലുള്ള ഫെയർ സ്റ്റേജുകളിൽ ചിലവ പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി 2005-ൽ കേരളത്തിൽ ഓടിക്കൊണ്ടിരുന്ന സ്റ്റേജ് കാരിയേജുകളിൽ 13% മാത്രമുണ്ടായിരുന്ന കെ.എസ്.ആർ.ടി.സിയുടെ സാന്നിദ്ധ്യം 27% ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ദീർഘദൂര യാത്രക്കായി എയർ സസ്പെൻഷനുള്ളവയും 12 മീറ്റർ നീളമുള്ളവയുമായ എക്സ്പ്രസ്സ് ബസ്സുകൾ ആവശ്യകത അനുസരിച്ച് നിരത്തിലിറക്കുന്നുണ്ട്. ആധുനികരീതിയിൽ യാത്രക്കാർക്ക് സൗകര്യപ്രദമായ വിധത്തിൽ സീറ്റുകൾ ഘടിപ്പിച്ചിട്ടുള്ളതാണിവ. ഇത്തരത്തിലുള്ള സൂപ്പർ ഡീലക്സ് ബസ്സുകളും എ.സി. ബസ്സുകളും കൂടാതെ 3 വോൾവോ ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. JnNURM പദ്ധതിപ്രകാരം വാങ്ങിയ ലോഫ്ളോർ ബസ്സുകൾ (AC-യും Non-AC-യും) നഗരങ്ങളിൽ സർവ്വീസ് നടത്തുന്നു. വലിയ ബസ്സുകൾ ഓടിക്കാൻ കഴിയാത്ത റൂട്ടുകളിൽ ഷോർട്ട് വീൽബേസ് ബസ്സുകൾ ഓടിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly